# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

## എസ്.എൻ.എൽ.പി സ്കൂൾ

## കൊടുവഴങ്ങ

വിദ്യാലയത്തിൻ്റെ പേര്

എസ്.എൻ.എൽ.പി സ്കൂൾ
കൊടുവഴങ്ങ

വിലാസം

നീറിക്കോട് പി.ഒ
കൊടുവഴങ്ങ
എറണാകുളം
683511

| | |
|---|---|
| സ്കൂൾ കോഡ് | **25228** |
| വിദ്യാഭ്യാസ ഉപജില്ല | ആലുവ |
| റവന്യൂ ജില്ല | എറണാകുളം |
| ബി ആർ സി | ആലുവ |
| സി ആർ സി | . പാനായിക്കുളം |
| ഗ്രാമ പഞ്ചായത്ത് | ആലങ്ങാട് |
| ബ്ലോക്ക് പഞ്ചായത്ത് | ആലങ്ങാട് |
| ജില്ല പഞ്ചായത്ത് | എറണാകുളം |
| താലൂക്ക് | പറവൂർ |
| നിയമസഭ മണ്ഡലം | കളമശ്ശേരി |
| ലോക് സഭ മണ്ഡലം | എറണാകുളം |
| വില്ലേജ് | ആലങ്ങാട് |

ഇ–മെയിൽ

snlpskoduvazhanga@gmail.com

# വിദ്യാലയ ചരിത്രം

1960 ജൂൺ 12-ാം തീയതി കൊട്ടു വഴങ്ങയിലെ ബാലരഞ്ജിനി സഭയുടെ കീഴിൽ ഇപ്പോൾ മാരായിൽ ക്ഷേത്രം സ്ഥിതി ചെയ്യുന്നതിനടുത്തായി നമ്മുടെ വിദ്യാലയം സ്ഥാപിതമായി .R ശങ്കർ വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലത്ത് ആലുവയ്ക്കും പറവൂരിനുമിടയിൽ പിന്നോക്ക മേഖലയ്ക്കായി അനുവദിച്ച് കിട്ടിയ വിദ്യാലയമാണ് ശ്രീനാരായണ ലോവർ പ്രൈമറി സ്ക്കൂൾ ഒന്നു മുതൽ നാല് വരെ ക്ലാസ്സുകൾ ഒരുമിച്ച് ആരംഭിച്ച സ്ക്കൂൾ ആലങ്ങാട് ബ്ലോക്കിൻ്റെ സഹായത്തോടെ ഇന്ന് നിലവിലുള്ള 140 അടി കെട്ടിടം പണിതു.

# വിദ്യാലയം മികവിൻ്റെ കേന്ദ്രം
# കാഴ്ചപ്പാട്

പാഠ_ പാഠാനുബന്ധ പ്രവർത്തനങ്ങളിൽ
സജീവ താല്പര്യത്തോടെ കുട്ടികൾ
പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം
സൃഷ്ടിക്കൽ
ശുചിത്വം, ലഹരി വിമുക്തം,
സഹജീവികളോടുള്ള കരുതൽ
തുടങ്ങിയ മൂല്യങ്ങൾ, മനോഭാവങ്ങൾ
രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം
ഒരുക്കൽ.
പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക
പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന
വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
കുട്ടികളുടെ പ്രായത്തിനനുസരിച്ചുള്ള
മികവാർന്ന ശേഷികളും ധാരണകളും
ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന്
ഉറപ്പാക്കൽ.
പാരിസ്ഥിതികാവബോധത്തോടെ
ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട
ഭൂമിയിലെ താല്ക്കാലിക വാസികൾ മാത്രമാണ്
മനുഷ്യർ എന്ന അവബോധത്തോടെ
പരിസ്ഥിതിയെ കാത്തു സൂക്ഷിക്കാനും
സുസ്ഥിര വികസന കാഴ്ചപ്പാട്
രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ

# സമഗ്ര ഗുണമേന്മ
# വിദ്യാഭ്യാസ പദ്ധതി
# നടപ്പിലാക്കൽ

ഓരോ ക്ലാസ്സിലും നേടേണ്ട
പഠനശേഷികൾക്കനുയോജ്യമായ
പഠനോപകരണങ്ങളും
പഠനപ്രവർത്തനങ്ങളും.

രക്ഷിതാക്കൾക്ക് ബോധവൽക്കരണം

വിദ്യാർത്ഥികളുടെ ഭൗതിക
സാഹചര്യങ്ങൾ, മാനസികാരോഗ്യം,
പഠന മികവ്, പഠന പിന്നോക്കാവസ്ഥ
എന്നിവ മനസ്സിലാക്കി
അനുയോജ്യമായ് ആസൂത്രണം

പ്രത്യേക പരിഗണനന അർഹിക്കുന്ന
വിദ്യാർത്ഥികൾക്ക് പിന്തുണ
സംവിധാനങ്ങൾ ഒരുക്കൽ

വിലയിരുത്തൽ പ്രവർത്തനങ്ങൾ
കാര്യക്ഷമമമായി നടപ്പിലാക്കൽ

ഐസിടി സാധ്യതകൾ ക്ലാസ്സ് മുറികളിൽ
പരമാവധി ഉപയോഗപ്പെട്ടുത്തി സൗഹൃദ
ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ

# ലക്ഷ്യങ്ങൾ

❤️സ്ക്കൂളിലെത്തുന്ന മുഴുവൻ കുട്ടികൾക്കും ശിശുകേന്ദ്രീകൃതവും സൗഹൃദപരവുമായ അന്തരീക്ഷം ഉറപ്പാക്കുക.

❤️കുട്ടികൾക്ക് ഭാഷയിലും ഗണിതത്തിലും അടിസ്ഥാനശേഷി കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കുക

❤️ഓരോ കുട്ടിയും അതത് ക്ലാസ്സിൽ നേടേണ്ട ശേഷി കൈവരിച്ചു എന്ന് ഉറപ്പാക്കുക.

❤️ഐസിടി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പഠനരീതി അവലംബിക്കുക

❤️കൂടുതൽ കുട്ടികളെ എൽ എസ് എസ് വിജയികളാക്കുവാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക

❤️നിരന്തര മൂല്യനിർണ്ണയ പ്രക്രിയ ചിട്ടപ്പെടുത്തുക

❤️പാഠ്യ പാഠ്യേതര കാര്യങ്ങളിൽ രക്ഷിതാക്കളുടെ പൂർണ്ണ പിന്തുണ ഉറപ്പാക്കുക.

❤️വ്യത്യസ്തവും നൂതനവുമായ പഠനപ്രവർത്തനങ്ങൾ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വേണ്ടി നടപ്പിലാക്കുക

# സാന്മാർഗ്ഗിക ബോധവൽക്കരണം

| | | |
|---|---|---|
| സാന്മാർഗ്ഗിക ബോധവൽക്കരണ ക്ലാസ്സ്<br><br>• | **ലഹരിക്കെതിരെ പ്രതിരോധം**<br>പോസ്റ്റർ നിർമ്മാണം<br>ലഹരിവിരുദ്ധ പാട്ട്<br>വീഡിയോ കാണൽ<br>**ട്രാഫിക് നിയമങ്ങൾ**<br>വീഡിയോ കാണൽ<br>സ്കിറ്റ്<br>ട്രാഫിക് സിഗ്നൽ അറിയിപ്പ് അടയാളങ്ങൾ തയ്യാറാക്കൽ<br>**ശുചിത്വം, മാലിന്യ സംസ്കരണം**<br>വ്യക്തിശുചിത്വം<br>പരിസര ശുചിത്വം<br>പാട്ടുകൾ, മാലിന്യ സംസ്കരണ വീഡിയോ നിരീക്ഷണം<br>**ആരോഗ്യ ശീലങ്ങൾ**<br>ചർച്ച, വീഡിയോ,<br>പാട്ട്, പോസ്റ്റർ<br>**ഡിജിറ്റൽ അച്ചടക്കം**<br>**പൊതുമുതൽ സംരക്ഷണം**<br>**പരസ്പര സഹകരണം** | അദ്ധ്യാപകർ<br>2 ആഴ്ച<br><br>• |

# പദ്ധതി വിശദാംശങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം / ചുമതല |
|---|---|---|
| സ്കൂളിലെത്തുന്ന മുഴുവൻ കുട്ടികൾക്കും ശിശു കേന്ദ്രീകൃതവും സൗഹൃദപരവുമായ അന്തരീക്ഷം ഉറപ്പാക്കുന്നു. | കളികളിലൂടെയും ചിത്രങ്ങളിലൂടെയും കാർട്ടൂണുകളിലൂടെയും പഠനാന്തരീക്ഷം സൃഷ്ടിക്കൽ<br>_ പാർക്ക്, കളിസ്ഥലം എന്നിവ പ്രയോജനപ്പെടുത്തൽ<br>- കുട്ടികളുടെ അഭിരുചിക്കനുസരിച്ചുള്ള പഠനോപകരണങ്ങൾ ഉപയോഗപ്പെടുത്തൽ | നിരന്തരം<br>ആഴ്ചയിൽ ഒരിക്കൽ<br>നിരന്തരം |
| കുട്ടികൾക്ക് ഭാഷയിലും ഗണിതത്തിലും അടിസ്ഥാന ശേഷി കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കുക | മലയാളത്തിളക്കം ഹലോ ഇംഗ്ലീഷ്, ഉല്ലാസ ഗണിതം, പ്രവർത്തനങ്ങൾ, ഉൾക്കൊള്ളിച്ച് പാഠാസൂത്രണം | നിരന്തരം<br>അദ്ധ്യാപകർ |
| ഓരോ കുട്ടിയും അതാത് ക്ലാസ്സിൽ നേടേണ്ട ശേഷി കൈവരിച്ചു എന്ന് ഉറപ്പാക്കുക | വിഷയാടിസ്ഥാന ത്തിൽ നിരന്തര മൂല്യനിർണയം കൃത്യമായ ഇടവേളകളിൽ നടത്തുന്നു. | നിരന്തരം<br>അദ്ധ്യാപക ർ |
| മിശ്ര പഠനരീതി ഉൾ ക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തനാസൂത്രണം | ഓൺ ലൈൻ സാധ്യത ഉപയോഗപ്പെടുത്തി നിരീക്ഷണത്തിനുള്ള സാഹചര്യം ക്ലാസ്സ് റൂമിൽ സജ്ജമാക്കുന്നു. | നിരന്തരം |

| | | |
|---|---|---|
| ICT സാധ്യതകൾ പരമാവധി പ്രയോജനപ്പെടു ത്തിക്കൊണ്ടുള്ള പഠനരീതി | കഥകൾ, കവിതകൾ ശ്രവിക്കുന്നു. ചിത്രങ്ങൾ, ഷോർട്ട് ഫിലിംസ് ഉപയോഗ പ്പെടുത്തുന്നു. വിജ്ഞാനപ്രദമായ വീഡിയോ ഉപയോഗിക്കുന്നു ശാരീരിക, ചാലക വി കാസത്തിനുതകുന്ന കളികൾ പ്രയോജന പ്പെടുത്തുന്നു. | നിരന്തരം അദ്ധ്യാപകർ |
| കൂടുതൽ കുട്ടികളെ LSS വിജയികളാ ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു | സെപ്റ്റംബർ മുതൽ LSS പ്രത്യേക പരിശീലന ക്ലാസ്സുകൾ | 6 മാസം അദ്ധ്യാപകർ |
| നിരന്തര മൂല്യനിർണ്ണയം | നോട്ടുപുസ്തകം വിലയിരുത്തൽ സ്വതന്ത്ര വായന, സ്വതന്ത്രരചന വിലയിരുത്തൽ യൂണിറ്റ് ടെസ്റ്റ് | നിരന്തരം അദ്ധ്യാപകർ |
| പഠന പഠനേതര പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പൂർണ്ണ പിന്തുണ ഉറപ്പാക്കുക. | പഠനോപകരണ നിർമ്മാണം റോൾ പ്ലേ ,dramatisation, അമ്മ വായന, ഗണിതമൂല, വീട്ടിലെ ലൈബ്രറി തുടങ്ങിയവയിൽ സജീവ പങ്കാളിത്തം | രക്ഷിതാക്കൾ അദ്ധ്യാപകർ |

| | | |
|---|---|---|
| വ്യത്യസ്തവും നൂതനവുമായ പഠനപ്രവർത്തനങ്ങൾ പ്രത്യേക പരിഗണനന അർഹിക്കുന്ന കുട്ടികൾക്കായി നടപ്പിലാക്കുക | ഏറ്റവും പ്രസക്തമായ അറിവുകൾ നേടാൻ പ്രസക്തമായ പാഠഭാഗങ്ങൾ അനുയോജ്യമായ രീതിയിൽ അവതരിപ്പിക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ TMൽ ഉൾപ്പെടുത്തുന്നു. വർക്ക് ഷീറ്റുകൾ കൂടുതലായി ഉപയോഗപ്പെടുത്തുന്നു. | നിരന്തരം അദ്ധ്യാപകർ |
| ദിനാചരണങ്ങൾ അക്കാദമിക ലക്ഷ്യത്തോടു കൂടി കൃത്യമായും ശിശു കേന്ദ്രീകൃതവുമായും നടപ്പാക്കുക . | ഓരോ ക്ലാസ്സിനും അനുയോജ്യമായ ദിനങ്ങൾ പഠന നേട്ടങ്ങളുമായി ബന്ധിപ്പിച്ച് കൊണ്ട് എല്ലാ കുട്ടികളുടേയും പങ്കാളിത്തത്തോടെ നടത്തുന്നു. | PTA അദ്ധ്യാപകർ . |
| അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങളിൽ എല്ലാ അദ്ധ്യാപകരുടേയും പങ്കാളിത്തം ഏകോപിക്കുക. | എല്ലാ ആഴ്ചയിലും SRG. മീറ്റിംഗ്, മാസത്തിലൊരിക്കൽ Staff meeting സംഘടിപ്പിക്കുന്നു. | അദ്ധ്യാപകർ |
| കുട്ടികളിലെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. | ചിത്രരചന<br>ബാലസഭ<br>ദിനാചരണങ്ങൾ<br>കഥാരചന<br>കവിതാലാപനം<br>പ്രസംഗം<br>നാടൻപാട്ട്<br>റീഡേഴ്സ് തീയേറ്റർ<br>കാവ്യോത്സവം | ആഴ്ചയിൽ ഒരിക്കൽ അദ്ധ്യാപകർ രക്ഷിതാക്കൾ |

| | | |
|---|---|---|
| മേളകളിലും കലോത്സവങ്ങളിലും കുട്ടികളുടെ സജീവ സാന്നിധ്യം ഉറപ്പാക്കുക. | ശാസ്ത്ര ഗണിത ശാസ്ത്രസാമൂഹ്യ ശാസ്ത്രമേളകളിലും കലോത്സവത്തിലും സ്കൂൾ തലമത്സരങ്ങൾ നടത്തി ഉപജില്ലാ തലത്തിൽ പരമാവധി കുട്ടികളെ പങ്കെടുപ്പിക്കുന്നു. | വർഷത്തിൽ ഒരിക്കൽ അദ്ധ്യാപകർ രക്ഷിതാക്കൾ |
| കുട്ടികളിലെ വായന പരിപോഷിപ്പി ക്കുന്നതിനായി ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി, E ലൈബ്രറി എന്നിവയുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക. • | ആധുനിക വായനയുമായി ബന്ധപ്പെട്ട് പുസ്തകങ്ങൾ ശേഖരിച്ച് ക്ലാസ്സ് ലൈബ്രറി സജ്ജീകരിക്കുന്നു ആഴ്ചയിലൊരിക്കൽ ലൈബ്രറി പുസ്തക വിതരണം നടത്തി ഒരാഴ്ച്ചക്കുള്ളിൽ വായന കുറിപ്പ് തയ്യാറാക്കുന്നു. • ഓരോ പാഠത്തിൻ്റേയും തീം അനുസരിച്ച് അനുയോജ്യമായ കഥകൾ ഇ ലൈബ്രറി യിൽ നിന്ന് സെലക്ട് ചെയ്ത് നൽകുന്നു. | അദ്ധ്യാപകർ • |
| പഠന യാത്രകൾ സം ഘടിപ്പിക്കുന്നതിലൂടെ പഠനാനുഭവങ്ങൾ വ്യത്യസ്തമാക്കുക. | ലൈബ്രറി സന്ദർശനം, പൊതു ഇടങ്ങൾ, പൊതു സ്ഥാപനങ്ങൾ, കൃഷിസ്ഥലങ്ങൾ എന്നിവ സന്ദർശിക്കുന്നു | വർഷത്തിൽ ഒരിയ്ക്കൽ അദ്ധ്യാപകർ രക്ഷിതാക്കൾ |
| ക്ലബ്ബ് പ്രവർത്തനങ്ങൾ സജീവമാക്കുക | ആരോഗ്യ ക്ലബ്ബ്, വിദ്യാരംഗം, ഗണിത ക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ്, എന്നിവയുടെ പ്രവർത്തനങ്ങൾ സജീവമാക്കൽ | പ്രതിമാസം അദ്ധ്യാപകർ |

| | | |
|---|---|---|
| To develop listening and speakings skills .Develop creative speaking and writing<br><br>. | Games<br>Action songs<br>conversation<br>Role play<br>Action words<br>Thoughts<br>Simple description<br>Self introduction<br>Book reading<br>rhyming words<br>English assembly<br>Speech<br>Skit<br>Readers Theatre | Teachers<br><br>. |

# ഭൗതികം - നേട്ടങ്ങൾ

## സ്കൂൾ കെട്ടിടം

നവീകരിച്ച ക്ലാസ്സ് മുറികൾ 1 മുതൽ 4 വരെ ക്ലാസ്സ് മുറികൾ ആധുനിക രീതിയിൽ ലൈറ്റും ഫാനും ഘടിപ്പിച്ച് സീലിംഗ് ചെയ്ത് ടൈൽ വിരിച്ച് നവീകരിച്ചിട്ടുണ്ട്. 3, 4 ക്ലാസ്സുകൾ പ്രൊജക്ടർ ഉൾപ്പെടെ സ്മാർട്ട് ക്ലാസ്സ് റൂമുകൾ .കൂടാതെ പൊതുവായി ഒരു ഹൈടെക് സ്മാർട്ട് റൂം.

## പ്രീ-പ്രൈമറി കെട്ടിടം

ടൈൽ വിരിച്ച് നവീകരിച്ച പ്രീ പ്രൈമറി കെട്ടിടം.

## കുടിവെള്ളം

MLA ഫണ്ട് ഉപയോഗിച്ച് പണികഴിപ്പിച്ച വാട്ടർ ടാങ്ക് ,സ്കൂൾ മുറ്റത്തെ കിണർ എന്നിവ ശുദ്ധജല വിതരണത്തിന് ഉപയോഗിക്കുന്നു.കൂടാതെ വാട്ടർ പ്യൂരിഫയർ ഘടിപ്പിച്ചിട്ടുണ്ട്. പാചകപ്പുരയുടെ മുകളിലായി R O പ്ലാൻറ് കൂടി സ്ഥാപിച്ചിട്ടുണ്ട്.

•

## പാചകപ്പുര

കളമശ്ശേരി മണ്ഡലത്തിൽ മന്ത്രി പി.രാജീവ് നടപ്പാക്കുന്ന വിദ്യാർത്ഥികൾക്കൊപ്പം പദ്ധതിയുടെ ഭാഗമായി നീറ്റ ജലാറ്റിൻ കമ്പനിയുടെ സഹകരണത്തോടെ നിർമ്മിച്ച പാചകപ്പുരയും ഭക്ഷണ ശാലയും നിലവിലുണ്ട്.

## യാത്രാ സൗകര്യം

മാനേജ്മെൻറ് ഏർപ്പെടുത്തിയിട്ടുള്ള സ്കൂൾ ബസ് മറ്റ് പ്രദേശങ്ങളിൽ നിന്നും കുട്ടികൾക്ക് സ്കൂളിലേക്കെത്താൻ സൗകര്യം ഒരുക്കുന്നു.

## ICT സൗകര്യം

കൈറ്റ് ലഭ്യമാക്കിയിട്ടുള്ള ലാപ് ടോപ്പുകൾ ഓരോ ക്ലാസ്സിലും ICT ഉപയോഗത്തിന് സൗകര്യമൊരുക്കുന്നു.

## പാർക്ക്

കായിക മാനസിക ഉല്ലാസത്തിനുതകുന്ന കളിയു പകരണങ്ങളോടും പൂച്ചെടികളോടും കൂടിയ പാർക്ക് .